**ഭരണ ഭാഷ- മാതൃഭാഷ**
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

# നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം - മതിയായ യോഗ്യതയുടെ അഭാവത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടന്ന സിവിൽ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ചറർ തസ്തികകളാക്കി താത്ക്കാലികമായി തരംതാഴ്ത്തിയതു മൂലമുണ്ടായ ലക്ചറർ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശിപാർശയിലൂടെ നിയമന ഉത്തരവ് നൽകിയ ജീവനക്കാരുടെ നിയമനം ക്രമീകരിച്ചു കൊണ്ടും തരംതാഴ്ത്തിയ വകുപ്പ് മേധാവി തസ്തികകളെ അപ്ഗ്രേഡ് ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം

നം.EC5/1609/23/DTE

30-05-2025

---

വായന:-

1. 05.08.2021 തീയതിയിലെ സ.ഉ.(സാധാ) നം.1009/2021/ഉ.വി.വ.
2 കെ.പി.എസ്.സി.സെക്രട്ടറിയുടെ 31 .08 .2021 ലെ കത്ത് നം.RIC(1)/9747/2018 /GW നമ്പർ നിയമന ശിപാർശ കത്ത്
3. 20.11.2021 തീയതിയിലെ ഈ കാര്യാലയത്തിലെ നടപടിക്രമം നം.ഇസി5/42216/18/ഡിടിഇ
4.30-05-2025 തീയതിയിലെ സ.ഉ.(സാധാ) നം.680/2025 ഉ.വി.വ.

# ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള പോളിടെക്നിക്കുകളിൽ മതിയായ യോഗ്യതയുടെ അഭാവത്തിൽ ഒഴിഞ്ഞു കിടന്ന 8 (എട്ട് ) സിവിൽ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ചറർ തസ്തികകളാക്കി തരംതാഴ്ത്തിയും അപ്രകാരം ഉണ്ടാകുന്ന ലക്ചറർ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു നിയമനം നടത്തുന്നതിനും വകുപ്പ് മേധാവി തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനു പ്രൊമോഷന് യോഗ്യരായ ജീവനക്കാർ ഉണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളെ അപ്ഗ്രേഡ് ചെയ്യുന്നതിനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും വായന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

അപ്രകാരം ഉണ്ടായ 08 ഒഴിവുകളിൽ വായന (2) പ്രകാരം പി.എസ്.സി. നിയമന ശിപാർശ നൽകിയ 8 ഉദ്യോഗാർത്ഥികൾക്ക് വായന (3) പ്രകാരം സാങ്കേതിക വിദ്യഭ്യാസ ഡയറക്ടർ നിയമന ഉത്തരവ് നൽകുകയും 8 പേർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലേക്ക് യോഗ്യത നേടിയ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലേക്ക് (4 എണ്ണം) താൽക്കാലിക സ്ഥാനക്കയറ്റ നിയമനം നൽകി വായന (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മതിയായ യോഗ്യതയുടെ അഭാവത്തിൽ ഒഴിഞ്ഞു കിടന്ന സിവിൽ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ചറർ തസ്തികകളാക്കി തരംതാഴ്ത്തിയതു മൂലമുണ്ടായ ലക്ചറർ തസ്തികകളിലേക്ക് പി.എസ്.സി. മുഖാന്തിരം നിയമന ശിപാർശ നൽകി വായന (3) പ്രകാരം നിയമന ഉത്തരവ് നൽകിയ അനുബന്ധ പട്ടികയിൽ ഉൾപ്പെടുന്ന താഴെപറയുന്ന ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് അവരവരുടെ പേരിന് നേർക്ക് സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ അനുവദിക്കപ്പെട്ട ലക്ചറർ തസ്തികകളിലേക്ക് മാറ്റി നിയമിച്ചും ടി സ്ഥാപനങ്ങളിലെ തരംതാഴ്ത്തിയ വകുപ്പ് മേധാവി തസ്തികകളെ അപ്ഗ്രേഡ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, പെൻ, തസ്തിക,<br>നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ജസീർ കെ ടി<br>ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ്<br>സർക്കാർ പോളിടെക്നിക് കോളേജ്<br>മഞ്ചേരി<br>PEN: 166532 | മഹാരാജ ടെക്നോളജിക്കൽ ഇൻസ്റ്റിട്യൂട്ട് തൃശ്ശൂർ |
| 2 | പ്രീജ പി എസ് .<br>ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ്<br>സർക്കാർ പോളിടെക്നിക് കോളേജ്<br>കളമശ്ശേരി<br>PEN: 924983 | സർക്കാർ പോളിടെക്നിക് കോളേജ് കോതമംഗലം |
| 3 | നിതിൻ വി സാബു<br>ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ്<br>സർക്കാർ പോളിടെക്നിക് കോളേജ്<br>മീനങ്ങാടി<br>PEN: 847705 | ശ്രീരാമ ഗവൺ.പോളിടെക്നിക് കോളേജ് തൃപ്രയാർ |

ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ടി ജീവനക്കാരെ ഉടനടി വിടുതൽ ചെയ്യേണ്ടതും, വിടുതൽ/ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും സ്പാർക്ക്/MIS തുടങ്ങിയവയിൽ അടിയന്തിരമായി അപ്ഡേഷൻ നടത്തേണ്ടതുമാണ്.

Signed by
Shalij P R
Date: 30-05-2025 16:35:46

SHALIJ P R

DIRECTOR

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന)
2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, മഞ്ചേരി,മീനങ്ങാടി,കളമശ്ശേരി, കോതമംഗലം, MTI തൃശ്ശൂർ ശ്രീരാമ ഗവൺ.പോളിടെക്നിക് കോളേജ് തൃപ്രയാർ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി